പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2384

18.07.2011 ലെ മറുപടിക്ക്

## നിക്ഷേപം ആകർഷിക്കുന്നതിനുള്ള നടപടി

**ചോദ്യം**

**ശ്രീ. കെ.വി. വിജയദാസ്**

സംസ്ഥാനത്ത് സഹകരണ മേഖലയിൽ 10.5% വരെ മാത്രം പലിശ നൽകി "നിക്ഷേപം" സ്വീകരിക്കുമ്പോൾ സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ ഇവിടെ 14-16% വരെ പലിശ നൽകുന്ന സാഹചര്യത്തിൽ സഹകരണ മേഖലയിലേക്ക് നിക്ഷേപം ആകർഷിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
**(സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)**

നിക്ഷേപ സമാഹരണത്തിന്റെ കാര്യത്തിൽ സഹകരണ മേഖല സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുമായി മത്സരിക്കാറില്ല. എന്നിരുന്നാലും സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾക്കാവശ്യമായ പ്രധാന വിഭവമായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ആകർഷിക്കുന്നതിനുമായി 1976-ൽ ആരംഭിച്ച പരമ്പരാഗത നിക്ഷേപ സമാഹരണ യജ്ഞം എല്ലാ മാർച്ച് മാസത്തിലും സംഘടിപ്പിക്കുന്നു. ഇതിനു പുറമേ കഴിഞ്ഞ 5 വർഷമായി കേരളപ്പിറവിയുമായി ബന്ധപ്പെട്ട് എല്ലാ നവംബർ മാസത്തിലും സഹകരണ നിക്ഷേപം കേരളീയം എന്ന പേരിൽ പ്രത്യേക നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിച്ചു വരുന്നു. ക്യാമ്പയിൻ കാലയളവിൽ ഭരണസമിതി അംഗങ്ങളുടെയും ജീവനക്കാരുടെയും നേതൃത്വത്തിൽ ഭവന സന്ദർശനം, നിക്ഷേപക സൗഹൃദ സദസ്, നിക്ഷേപകരെ നേരിട്ട് കാണുക തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. നിക്ഷേപങ്ങൾക്ക് സ്വകാര്യ/പൊതുമേഖലാ/വാണിജ്യ ബാങ്കുകളെ അപേക്ഷിച്ച് ആകർഷകമായ പലിശ നിരക്ക് സഹകരണ മേഖല നൽകുന്നു. മുതിർന്ന പൗരന്മാർക്ക് അരശതമാനം അധിക പലിശ നിരക്ക് നൽകുന്നു. ക്യാമ്പയിൻ കാലയളവിൽ ഏറ്റവും കൂടുതൽ അധിക നിക്ഷേപം സമാഹരിക്കുന്ന ജില്ലകൾക്കും സ്ഥാപനങ്ങൾക്കും ട്രോഫികൾ നൽകി പ്രോത്സാഹിപ്പിക്കുന്നു. സെൻട്രൽ ബാങ്ക് കോൺഫറൻസ് സഹകരണ മേഖലയിലെ നിക്ഷേപ സ്ഥിതി വിലയിരുത്തുകയും പലിശ നിരക്കുകൾ ആകർഷകമായി പരിഷ്കരിക്കുന്നതിനും, ആകർഷകമായ പ്രത്യേക നിക്ഷേപ പദ്ധതികൾ സഹകരണ മേഖലയ്ക്കായി ആവിഷ്കരിക്കുകയും ചെയ്യുന്നു. ഇത്തരം പ്രവർത്തനങ്ങൾ സഹകരണ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

Rajendran

**സെക്ഷൻ ഓഫീസർ**